**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4887** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസിനു വിധേയരാകുന്നവർക്ക് പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വൃക്കരോഗം ബാധിച്ച് ജീവൻ നിലനിർത്താൻ ഡയാലിസിസിനു വിധേയരാകുന്ന രോഗികൾക്ക് സർക്കാരിന്റെ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance for poor പദ്ധതി മുഖേന ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. സൊസൈറ്റി അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ഒറ്റത്തവണ ധനസഹായമായി നൽകി വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കെ.ബി.എഫ് എന്നീ പദ്ധതികൾ വഴി എല്ലാ സർക്കാർ ആശുപത്രികളിലും എംപാനൽഡ് സ്വകാര്യ ആശുപത്രികളിലും ഡയാലിസിസ് സൗജന്യമായി ചെയ്യാവുന്നതാണ്. ആരോഗ്യകേരളം പാലിയേറ്റിവ് കെയർ പ്രൊജക്റ്റ് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. |
| (ബി) | ഈ വിഭാഗത്തിലുള്ള രോഗികൾക്ക് കാൻസർ ബാധിത രോഗികൾക്ക് നൽകുന്നത് പോലെയുള്ള പെൻഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'സമാശ്വാസം' പദ്ധതി II പ്രകാരം ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് പ്രതിമാസം 1600/- രൂപ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ